# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 399

24.01.2018 ലെ മറുപടിയ്ക്ക്

## ലൈഫ് സർട്ടിഫിക്കറ്റ്

**ചോദ്യം**

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ബാങ്കുകൾ വഴി പെൻഷൻ വാങ്ങുന്നവർ വർഷം തോറും നൽകേണ്ട ലൈഫ് സർട്ടിഫിക്കറ്റ് ട്രഷറിയിൽ തന്നെ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | 30/11/16 - ലെ 343826/SL-1/16/ധന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ബാങ്ക് അക്കൗണ്ടുകൾ മുഖേന കേരള സ്റ്റേറ്റ് സർവ്വീസ്/ ഫാമിലി പെൻഷൻ വാങ്ങുന്നവരുടെ ലൈഫ് സർട്ടിഫിക്കറ്റ് സ്വീകരിക്കണമെന്ന് എല്ലാ ട്രഷറി ആഫീസർമാർക്കും ട്രഷറി ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത് പെൻഷൻകാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ പ്രസ്തുത നിർദ്ദേശത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബാങ്കുകൾ മുഖേന പെൻഷൻ വാങ്ങിയിരുന്ന കേരള സ്റ്റേറ്റ് സർവ്വീസ്/ ഫാമിലി പെൻഷൻകാരുടെ മുഴുവൻ പെൻഷൻ ബുക്കുകളും (PPO), 11/11/2014 - ലെ സ.ഉ.(അ) 489/2014/ധന, 16/04/16 - ലെ സ.ഉ.(അ) 50/16/ധന, 21/04/16 - ലെ 215855/SL-3/16/ധന എന്നീ നിർദ്ദേശങ്ങൾ പ്രകാരം തിരിച്ചെടുക്കുകയും പ്രതിമാസ പെൻഷൻ 04/2016 മുതൽ കേന്ദ്രീകൃതമായി ട്രഷറി ഡയറക്ടറേറ്റിൽ പ്രോസ്സസ് ചെയ്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ e-kuber പോർട്ടൽ മുഖേന ഓരോരുത്തരുടെയും ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രഡിറ്റ് ചെയ്ത് വരികയുമാണ് ചെയ്തു വരുന്നത്. ട്രഷറി വകുപ്പാണ് നിലവിൽ എല്ലാ കേരളാ സ്റ്റേറ്റ് സർവ്വീസ് /ഫാമിലി പെൻഷനുകളും വിതരണം നടത്തുന്നത്. അതുകൊണ്ട് തന്നെ പെൻഷൻകാരുടെ ലൈഫ് സർട്ടിഫിക്കറ്റ് ട്രഷറിയാണ് സ്വീകരിക്കേണ്ടത്. ബാങ്ക് അക്കൗണ്ടുകൾ മുഖേന പെൻഷൻ വാങ്ങുന്ന കേരള സ്റ്റേറ്റ് സർവ്വീസ്/ഫാമിലി പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് അവരവർക്ക് സൗകര്യപ്രദമായ കേരളത്തിലെ ഏത് ട്രഷറിയിലും |

| | | | |
|---|---|---|---|
| | | | സമർപ്പിക്കാവുന്നതാണ്. കേരളത്തിലെ ഏത് ട്രഷറിയിലും നേരിട്ട് ഹാജരായാൽ മസ്റ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. മാത്രവുമല്ല കേന്ദ്ര ഗവൺമെന്റിന്റെ ഓൺലൈൻ മസ്റ്ററിംഗ് സംവിധാനമായ 'ജീവൻ പ്രമാൺ' മുഖേന ലഭിക്കുന്ന ലൈഫ് സർട്ടിഫിക്കറ്റ്/മസ്റ്ററിംഗും 13/12/2016 - ലെ സ.ഉ.(അ)180/16/ധന പ്രകാരം ട്രഷറികളിൽ സ്വീകരിച്ചു വരുന്നു. ഈ വിഷയത്തിൽ പെൻഷൻകാർക്ക് സൗകര്യപ്രദമായി ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിന് എല്ലാ സജ്ജീകരണങ്ങളും വകുപ്പ് ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ